"ഭരണഭാഷ - മാതൃഭാഷ"

# കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി .ഓഫീസ് : വൈദ്യുതി ഭവനം ,പട്ടം ,തിരുവനന്തപുരം - 695 004 ,

കേരള CIN :U40100KL2011SGC027424 വെബ് സൈറ്റ് : www.kseb.in.

ഫോൺ : 0471 2448720

ഇമെയിൽ : dgkseb@kseb.in

## സംഗ്രഹം

കോവിഡ്-19 മഹാമാരി സംജാതമാക്കിയ ദുർഘട സാഹചര്യത്തിൽ സംസ്ഥാനത്തു ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കൽ – കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്.

**കോർപ്പറേറ്റ് ഓഫീസ് (എസ്.ബി.യു-ജി-സി)**

**ബി.ഒ.(എഫ്.റ്റി.ഡി.) നമ്പർ.344/2020 (ഡി.ജി.സി/എ.ഇ.ഇ .VI/ലാന്റ്/2014).**

**തിരുവനന്തപുരം, തീയതി, 25.05.2020.**

പരാമർശം:-

1. 13.05.2020 ന രാവിലെ 11.30 മണിക്ക ബഹുമാന്യ വൈദ്യുതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രിയുടെ ചേംബറിൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടറും മറ്റ മുഴുവൻ സമയ ഡയറക്ടർമാരും പ്ലാനിംഗ് & റഗുലേറ്ററി അഫയേഴ്സ് ചീഫ് എഞ്ചിനീയറുടെ ചുമതലയുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറും പങ്കെടുത്ത യോഗ നടപടി കുറിപ്പ്.
2. ഡി.ജി.സി/എ.ഇ.ഇ.VI/ /ലാന്റ്/2014 തീയതി 18.05.2020 പ്രകാരം മുഴുവൻ സമയ ഡയറക്ടർമാർക്ക് സമർപ്പിച്ച കുറിപ്പ് (അജണ്ട നം.38/05/2020).

## ഉത്തരവ്

കോവിഡ്-19 മഹാമാരിയെ തുടർന്നു ലോകത്താകമാനവും നമ്മുടെ രാജ്യത്തും സംസ്ഥാനത്തും രൂപപ്പെട്ടിട്ടുള്ള പ്രതിസന്ധി സംബന്ധിച്ച മേൽ പരാമർശം യോഗം ചർച്ച ചെയ്യുകയും ഇതു സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തുകയും പ്രതിസന്ധി ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി.

മഹാമാരി വലിയ സാമ്പത്തിക പ്രതിസന്ധിക്കും തൊഴിൽ നഷ്ടത്തിനും കാരണമായെന്നും ഇതിന്റെ തുടർച്ചയായി വലിയ ഭക്ഷ്യക്ഷാമം പ്രതീക്ഷിക്കേണ്ടതുണ്ടെന്ന യോഗം വിലയിരുത്തി. ഈ സാഹചര്യത്തിൽ കൃഷി വ്യാപകമാക്കി ഭക്ഷ്യവസ്തുക്കൾ വ്യാപകമായി കൃഷിചെയ്ത് സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കാൻ സർക്കാർ ലക്ഷ്യം വയ്ക്കുന്നുവെന്നും പ്രസ്താവിക്കുകയുണ്ടായി. ഇതിനായി സംസ്ഥാന വൈദ്യുതി ബോർഡിന്റെ കൈവശമുള്ള കൃഷിയോഗ്യമായ മുഴുവൻ ഭൂമിയിലും കൃഷി ചെയ്യുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുകയുമുണ്ടായി.

ആയതിനാൽ ഭൂമി സംബന്ധിച്ച കണക്കെടുപ്പ നടത്തി കൃഷി യോഗ്യമായ മുഴുവൻ ഭൂമിയും തിട്ടപ്പെടുത്തി വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ ഉണ്ടായേക്കാവുന്ന സ്ഥലങ്ങൾ ഒഴിവാക്കി വരുന്ന ഒരു മാസത്തിനുള്ളിൽ ഭക്ഷ്യവസ്തുക്കൾ - ധാന്യം, കിഴങ്ങ്, പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങി സാധ്യമാകുന്ന വിളവുകൾ കൃഷി ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. ജീവനക്കാർക്കു നേരിട്ടോ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷിവകുപ്പ്, സന്നദ്ധസംഘങ്ങൾ എന്നിവക്കു കൃഷി ചെയ്യുന്നതിനു വേണ്ട അനുമതി നൽകി

ക്കൊണ്ടോ വേണ്ട നടപടി സ്വീകരിക്കാവുന്നതാണ്. വിത്ത്, വളം എന്നിവ ലഭ്യമാക്കുന്നതിനു കൃഷിവകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കാമെന്നറിയിച്ചിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനവും ഇതിനായി ലഭ്യമാകും.

ആയതിനാൽ പരാമർശ യോഗ തീരുമാന പ്രകാരം ഓഫീസ് മേലധികാരികളുടെ സഹായത്തോടെ കൃഷിയോഗ്യമായ ഭൂമി എത്രയും വേഗം തിട്ടപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശം ലാന്റ് മാനേജ്മെന്റ് യൂണിറ്റ് തലവനും മേൽ പ്രസ്താവിച്ച വിധം നേരിട്ടോ മറ്റു ഏജൻസികൾ വഴിയോ ഭക്ഷ്യവസ്തുക്കൾ ഒരു മാസത്തിനുള്ളിൽ കൃഷി ചെയ്തു തുടങ്ങുന്നതിനു വേണ്ട നടപടി സ്വീകരിക്കാൻ വേണ്ട നിർദ്ദേശം എല്ലാ വിഭാഗം ഓഫീസ് മേധാവികൾക്കും നൽകേണ്ടതുണ്ട്. ഇതു സംബന്ധിച്ച അംഗീകാരത്തിനായി വിഷയം സൂചന (2) കുറിപ്പ് പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ മുഴുവൻ സമയ ഡയറക്ടർമാർക്ക് സമർപ്പിക്കുകയുണ്ടായി. 22.05.2020 ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം അംഗീകരിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ വിവിധ ഓഫീസ് തലവൻമാരുടെ സഹായത്തോടെ കൃഷിഭൂമി എത്രയുംവേഗം തിട്ടപ്പെടുത്തുന്നതിന് ലാന്റ് മാനേജ്മെന്റ് യൂണിറ്റ് ചീഫ് കോ-ഓഡിനേറ്ററെ ചുമതലപ്പെടുത്താനും, വന്യമൃഗങ്ങളുടെ ആക്രമണമുണ്ടാകാവുന്ന ഭൂമി ഒഴിവാക്കി ലഭ്യമായ മുഴുവൻ കൃഷിയോഗ്യമായ ഭൂമിയിലും നേരിട്ടോ, കുടുംബശ്രീ, തദ്ദേശസ്വയംഭരണ വകുപ്പ്, കൃഷിവകുപ്പ്, സന്നദ്ധസംഘങ്ങൾ, അയൽക്കൂട്ടങ്ങൾ മുതലായവ വഴിയോ ഒരു മാസത്തിനുള്ളിൽ തന്നെ കൃഷി ചെയ്തു തുടങ്ങുവാനുള്ള ചുമതല എല്ലാ വിഭാഗം ചീഫ് എഞ്ചിനീയർമാർക്ക് നൽകാനും തീരുമാനിച്ചു. ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു കൊള്ളുന്നു.

ഫുൾ ടൈം ഡയറക്ടർമാരുടെ ഉത്തരവിൻ പ്രകാരം,

**ഒപ്പ്/-**

**ലേഖ.ജി**

**കമ്പനി സെക്രട്ടറി ഇൻ ചാർജ്**

സ്വീകർത്താവ്

1. ചീഫ് കോർഡിനേറ്റർ, ലാന്റ് മാനേജ്മെന്റ് യൂണിറ്റ്.
2. എല്ലാ ചീഫ് എഞ്ചിനീയർമാരും.

പകർപ്പ്:-

1. ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ആഡിറ്റർ.
2. ചീഫ് എൻജിനീയർ (ഐ.ടി).
3. കമ്പനി സെക്രട്ടറി ഇൻ-ചാർജ്ജ്.
4. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, എച്ച്.ആർ.എം. & ഐ.ടി)/ ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ)/ഡയറക്ടർ (കോർപ്പറേറ്റ് പ്ലാനിംഗ്, ജനറേഷൻ-ഇലക്ട്രിക്കൽ, ജനറേഷൻ-സിവിൽ, എസ്.സി.എം & സേഫ്റ്റി) എന്നിവരുടെ ടെക്നിക്കൽ അസിസ്റ്റന്റുമാർ.
5. ഡയറക്ടർ (ഫിനാൻസ്) ന്റെ പേഴ്സണൽ അസിസ്റ്റന്റ്.
6. ചീഫ് വിജിലൻസ് ഓഫീസർ/സെക്രട്ടറി (ഭരണം) യുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/സ്റ്റോക്ക് ഫയൽ.

**ഉത്തരവിൻ പ്രകാരം**